# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1849

04-12-2018 ൽ
മറുപടിയ്ക്ക്

## കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത്<br>,, എ.പി. അനിൽ കുമാർ<br>,, വി.ഡി.സതീശൻ<br>,, പി.ടി. തോമസ് | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ജനറൽ മാനേജർ തസ്തികകളിലേക്ക് നിയമിതരാകുന്നവർക്ക് വിജിലൻസ് ക്ലിയറൻസ് നിർബന്ധമാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ശ്രീ. കെ.ടി.അദീബിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് മുമ്പ് വിജിലൻസ് ക്ലിയറൻസ് വാങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) | നിയമനത്തിന് മുമ്പ് വിജിലൻസ് ക് ളിയറൻസ് വാങ്ങിയിട്ടില്ല .<br>കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിതനായ കമ്പനി സെക്രട്ടറി കരാർ കാലാവധി കഴിഞ്ഞ് സേവനം വിട്ടുപോവുകയും കമ്പനി സെക്രട്ടറി , ജനറൽ മാനേജർ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതിനെ തുടർന്ന് അഡ്മിനിസ്ട്രേഷൻ , ഫിനാൻസ് , പ്രോജക്ട് മേഖലകളിലുണ്ടായ ഭരണ പ്രതിസന്ധി ഒഴിവാക്കുന്നതിന് 16 .07 .2018 ന് ചേർന്ന 46 -ാമത് ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജനറൽ മാനേജർ തസ്തിക നികത്തേണ്ട അടിയന്തരസാഹചര്യം ഉടലെടുക്കുകയും നിയമനം നടത്തുകയുമാണുണ്ടായത് . നിയമനത്തിന് ശേഷം വിജിലൻസ് ക് ളിയറൻസ് ലഭ്യമാക്കാനാണ് ഉദ്ദേശിച്ചത് . |

സെക്ഷൻ ഓഫീസർ